**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4276** **18-03-2025 - ൽ മറുപടിയ്ക്ക്**

**പുതിയ സംരംഭകർക്ക് നൽകുന്ന സബ്സിഡികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതുതായി സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് വകുപ്പ് നൽകിവരുന്ന സബ്സിഡി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് പുതുതായി സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് വകുപ്പ് നൽകിവരുന്ന സബ്സിഡി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളുടെ വിശദാംശങ്ങളും അപേക്ഷിക്കേണ്ട വിവരവും ചുവടെ ചേർക്കുന്നു.<br><br>**1) എം എസ് എം ഇ ഇൻഷുറൻസ് പദ്ധതി:**<br>സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എംഎസ്എംഇ) അവരുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന, മുൻകൂട്ടി കാണാൻ കഴിയാത്ത അപകടസാധ്യതകളിൽ നിന്ന് സാമ്പത്തിക പരിരക്ഷ നൽകുന്നതിന് മിനിമം ഇൻഷുറൻസ് പരിരക്ഷ നൽകാൻ വേണ്ടി എം എസ് എം ഇ ഇൻഷുറൻസ് പദ്ധതി വ്യവസായ വകുപ്പ് ആരംഭിച്ചു. പ്രീമിയം തുകയുടെ 50 ശതമാനം, പരമാവധി 5000 രൂപ വരെ സബ്സിഡി നൽകുന്നതാണ് ഈ പദ്ധതി. നിലവിൽ പ്രവർത്തിക്കുന്ന സംരംഭകർക്കും അതുപോലെ പുതിയ സംരംഭകർക്കും ഈ ആനുകൂല്യം ലഭ്യമാണ്. ഉദ്പാദന-സേവന-വ്യാപാര മേഖലകളിൽപ്പെട്ട എല്ലാ സൂക്ഷ്മ ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കും ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അപേക്ഷ സമർപ്പിക്കാവുന്നതാണ് msme.insurance.industry.kerala.gov.in എന്ന വെബ് സൈറ്റ് മുഖേന സഹായത്തിനുള്ള അപേക്ഷ അതാത് താലൂക്ക് വ്യവസായ ഓഫിസുകളിൽ സമർപ്പിക്കാവുന്നതാണ്.<br><br>**2) പ്രധാൻമന്ത്രി ഭക്ഷ്യസംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ പദ്ധതി (പി.എ.എഫ്.എം.ഇ. പദ്ധതി):**<br>കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം സംസ്ഥാന സർക്കാരുമായി സംയോജിച്ച ഭക്ഷ്യ സംസ്കരണ മേഖലയുടെ ഉന്നമനത്തിനായി നടപ്പിലാക്കുന്ന പദ്ധതിയാണ് പ്രധാൻമന്ത്രി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ പദ്ധതി (പി.എം.എഫ്.എം.ഇ. പദ്ധതി). പ്രസ്തുത പദ്ധതി പ്രകാരം |

ആരംഭിക്കുന്ന സംരംഭങ്ങൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങളും ധനസഹായങ്ങളും താഴെ പറയുന്നു.

* വ്യക്തിഗത സംരംഭങ്ങൾക്കുള്ള ക്രെഡിറ്റ് ലിങ്ക്ഡ് ക്യാപിറ്റൽ സബ്സിഡി - പദ്ധതി പ്രകാരമുള്ള സ്ഥിര മൂലധനത്തിന്റെ 35% പരമാവധി പരിധി 10 ലക്ഷം രൂപ.*ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (FPOs)/പ്രൊഡ്യൂസർ കോപ്പറേറ്റീവ്സ് -പദ്ധതി പ്രകാരമുള്ള സ്ഥിര മൂലധനത്തിന്റെ 35% ക്രെഡിറ്റ് ലിങ്ക്ഡ് ക്യാപിറ്റൽ സബ്സിഡി.

* സ്വയം സഹായ ഗ്രൂപ്പുകൾ (സ്വയം സഹായ സംഘങ്ങൾ) - പ്രവർത്തന മൂലധനത്തിനും ചെറിയ ഉപകരണങ്ങൾ വാങ്ങുന്നതിനും സ്വാശ്രയ സംഘത്തിലെ ഓരോ അംഗത്തിനും 40,000 രൂപ ഈ പദ്ധതി പ്രകാരം നൽകും.

* വ്യക്തിഗത സ്വയം സഹായ ഗ്രൂപ്പ് (SHG) അംഗത്തിനുള്ള പിന്തുണയും സ്വാശ്രയ തലത്തിലുള്ള ഫെഡറേഷനു മൂലധന നിക്ഷേപത്തിനുള്ള പിന്തുണയും - ക്രെഡിറ്റ് ലിങ്ക് ഗ്രാന്റ് @ 35% പരമാവധി തുക 10 ലക്ഷം രൂപ.

* പൊതു ഇൻഫ്രാസ്ട്രക്ചറിനുള്ള സഹായം - എഫ്.പി.ഒ-കൾ, സ്വാശ്രയസംഘങ്ങൾ, സഹകരണസംഘങ്ങൾ, ഏതെങ്കിലും സർക്കാർ ഏജൻസി അല്ലെങ്കിൽ സ്വകാര്യ സംരംഭങ്ങൾ എന്നിവയ്ക്ക് 35% ക്രെഡിറ്റ് ലിങ്ഡ് ഗ്രാന്റ് പരമാവധി 3 കോടി രൂപ നൽകുന്നു. പദ്ധതി ചെലവ് 10 കോടി രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.

* ബ്രാൻഡിംഗ്, മാർക്കറ്റിംഗ് എന്നിവയ്ക്കുള്ള സഹായം- എഫ്.പി.ഒകൾ/സ്വാശ്രയ സംഘങ്ങൾ/ സഹകരണ സംഘങ്ങൾ അല്ലെങ്കിൽ മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസുകളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (50%) എന്നിവയ്ക്കാണ് സഹായം നൽകുന്നത്. പദ്ധതി ചെലവിന്റെ 50% ആണ് പരമാവധി സഹായം.സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നിലവിലെ സംരംഭങ്ങളുടെ വിപുലീകരണത്തിനുമാണ് ഈ പദ്ധതി വഴി അപേക്ഷ സമർപ്പിക്കാവുന്നത്. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴിയാണ് പദ്ധതിയുടെ സാമ്പത്തിക സഹായത്തിനാവശ്യമായ അപേക്ഷകൾ സമർപ്പിക്കേണ്ടത്.

3) സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി.

വ്യവസായ വളർച്ചയ്ക്ക് അനുയോജ്യമായ ഭൂമിയുടെ ദൗർലഭ്യം പരിഹരിച്ച് വ്യവസായ വികസനത്തിന് കുതിപ്പ്

നൽകാൻ പാകത്തിലും സംസ്ഥാനത്തെ യുവാക്കൾക്ക് തൊഴിലവസ രങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യവും ആയതിനൊപ്പം വ്യാവസായിക മേഖലയിൽ കൂടുതൽ നിക്ഷേപം നേടുന്നതിനും സർക്കാർ നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി.

കുറഞ്ഞത് പത്ത് ഏക്കർ സ്ഥലമുള്ള സ്ഥാപനം (അതായത് കമ്പനികൾ, സഹകരണ സ്ഥാപനങ്ങൾ, ചാരിറ്റബിൾ സൊസൈറ്റികൾ, പാർട്ട്ണർഷിപ്പ്, MSMEകളുടെ കൺസോർഷ്യം), കുടുംബം എന്നിവർക്ക് സ്വകാര്യവ്യവസായ എസ്റ്റേറ്റും, കുറഞ്ഞത് അഞ്ച് ഏക്കർ സ്ഥലമുള്ളവർക്ക് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) സ്ഥാപിക്കുന്നതിന് അപേക്ഷിക്കാവുന്നതാണ്. (SDF) സ്ഥാപിക്കുന്നതിന് സ്ഥാപനം, കുടുംബത്തിനു പുറമെ വ്യക്തികൾക്കും കൂടി അപേക്ഷിക്കാവുന്നതാണ്. സ്വന്തമായി സ്ഥലം ഉള്ളവർക്കും, 30 വർഷമോ അതിൽ അധികമോ കാലാവധിയുള്ള ലീസിനെടുത്ത ഭൂമി ഉള്ളവർക്കും ഡെവലപ്പർ പെർമിറ്റിനായി അപേക്ഷിക്കാവുന്നതാണ്. ഓരോ പ്രൈവറ്റ് വ്യവസായ എസ്റ്റേറ്റുകളിൽ പ്രത്യേകം ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിക്കുന്നതാണ്. പ്രൈവറ്റ് വ്യവസായ എസ്റ്റേറ്റുകളിൽ ബിൽഡിംഗ് പെർമിറ്റ് നൽകുന്നത് ഈ ഏകജാലക ക്ലിയറൻസ് ബോർഡ് ആണ്.

സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ഡെവലപ്പർ പെർമിറ്റ് അനുമതി ലഭിച്ച വ്യവസായ ഭൂമിക്ക് കേരള ഏകജാലക ക്ലിയറൻസ് ബോർഡ്, ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ വികസന നിയമം 1999 ന്റെ പരിധിയിൽ വരുന്ന മുഴുവൻ ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കും.

സ്വകാര്യ വ്യവസായ എസ്റ്റേറ്റിലെ വൈദ്യുതി, ജലം, റോഡ്, ഡ്രയിനേജ്,എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്,(ETP)/ കോമൺ എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, (CETP തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ, ലബോറട്ടറി, ടെസ്റ്റിംഗ് സർട്ടിഫിക്കേഷൻ തുടങ്ങിയ പൊതു സൗകര്യങ്ങളും ഒരുക്കുന്നതിന് ഡെവലപ്പർക്ക് സർക്കാർ ധനസഹായം നൽകുന്നതാണ്. ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപ വരെ ഒരു പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് സർക്കാർ ധനസഹായം നൽകുന്നതാണ്. ഡെവലപ്പർ പെർമിറ്റ് ലഭിച്ചിട്ടുള്ള പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ അടിസ്ഥാന സൗകര്യ വികസനം പൂർത്തിയാക്കുന്ന മുറയ്ക്ക് റീഇംബേഴ്സ്മെന്റ് ആയിട്ടാണ് തുക അനുവദിക്കുന്നത്.

സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി പ്രകാരം http://pie.industry.kerala.gov.in/ public/index.php/industrialist എന്ന വെബ് പോർട്ടൽ

മുഖേനയാണ് ഈ പദ്ധതിയിലേക്കുള്ള അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ ജില്ലാതല കമ്മിറ്റി പരിശോധിച്ച് വ്യവസായ വാണിജ്യ ഡയറക്ടർക്ക് സമർപ്പിക്കുകയും തുടർന്ന് അപേക്ഷകൾ സർക്കാർ തലത്തിൽ 7 വകുപ്പുതല സെക്രട്ടറിമാർ അടങ്ങുന്ന ഉന്നത സമിതി പരിശോധിച്ച് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ഡെവലപ്പർ പെർമിറ്റ് നൽകുവാൻ തീരുമാനം എടുക്കുന്നു. ഈ കമ്മിറ്റിയുടെ ചെയർമാൻ പ്രിൻസിപ്പൽ സെക്രട്ടറി വ്യവസായം, കൺവീനർ വ്യവസായ വാണിജ്യ ഡയറക്ടറുമാണ്. ധനകാര്യം, റവന്യൂ, തദ്ദേശ സ്വയംഭരണം, ജലവിഭവം, വൈദ്യുതി, പരിസ്ഥിതി വകുപ്പുകളിലെ സെക്രട്ടറിമാരാണ് മറ്റംഗങ്ങൾ.

4) ക്യാമ്പസ് പാർക്ക് പദ്ധതി

വ്യവസായ ആവശ്യത്തിനുള്ള സ്ഥല ദൗർലഭ്യം പരിഹരിക്കുന്നതിനായി സംസ്ഥാനത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഉപയോഗിക്കാതെ കിടക്കുന്ന അനുയോജ്യമായ ഭൂമി ഉപയുക്തമാക്കി ക്യാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതുവഴി വിദ്യാർത്ഥി സമൂഹത്തിൽ വ്യവസായ സംരംഭകത്വം വളർത്താനും, വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും കഴിയുന്നതാണെന്നുള്ള വിലയിരുത്തലിന്റ അടിസ്ഥാനത്തിൽ സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന നവീന പദ്ധതിയാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി. ആയതിന്റെ പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ) നം. 16/2024/വ്യവ 29/2/24 പ്രകാരം നിലവിൽ വന്നിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളിലൂടെ പുതിയതായി കണ്ടെത്തുന്ന ഉത്പന്നങ്ങളുടെ വ്യാവസായിക ഉത്പാദനം വേഗത്തിൽ ആരംഭിക്കുന്നതിനുള്ള ഒരു സംവിധാനം ഇതിലൂടെ ആവിഷ്കരിക്ക ന്നതിന് കഴിയുന്നതാണ്. ക്യാമ്പസ് വ്യവസായ പാർക്കുകളുടെ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥി കളെ/ഫാക്കൽറ്റികളെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും, നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ചും വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉന്നത വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ക്യാമ്പസ് പാർക്ക് ഭൂമിയുടെ ഉടമസ്ഥതയുള്ള വിദ്യാഭ്യാസ സ്ഥാപനത്തിലെ ട്രേഡ്/ബ്രാഞ്ച്/കോർ വിഷയം എന്നിവയുമായി ബന്ധമുള്ളവയ്ക്ക് മുൻഗണന ഉണ്ടാകും. വ്യവസായ പാർക്കുകളിൽ വരുന്ന സംരംഭങ്ങളിൽ പഠനം പൂർത്തിയാക്കി പോകുന്ന വിദ്യാർത്ഥികൾക്ക് അപ്രന്റിസ്ഷിപ്പ്/ ഇന്റേൺഷിപ്പിനുള്ള അവസരം നൽകി അവർക്ക് വ്യക്തിപരമായി സംരംഭം തുടങ്ങുന്നതിനുള്ള അവസരം നൽകുന്നതിന് ഈ പദ്ധതിയിലൂടെ

ലക്ഷ്യമിടുന്നുണ്ട്. പാർക്കിനായി കുറഞ്ഞത് അഞ്ച് ഏക്കർ ഭൂമി ലഭ്യമായ സർക്കാർ/സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് (ആർട്സ് & സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐ.കൾ മുതലായവ), ക്യാമ്പസ് വ്യവസായ പാർക്കിനായി അപേക്ഷിക്കാം. സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) സ്ഥാപിക്കുന്നതിന് കുറഞ്ഞത് രണ്ട് ഏക്കർ ഭൂമിയാണ് ആവശ്യമായി വരുന്നത് 30 വർഷത്തേക്ക് ആണ് ഡവലപ്പർ പെർമിറ്റ് അനുവദിക്കുക.

ക്യാമ്പസ് വ്യവസായ എസ്റ്റേറ്റ് ഡെവലപ്പർ പെർമിറ്റ് അനുമതി ലഭിക്കുന്ന വ്യവസായ ഭൂമിക്ക് കേരള ഏകജാലക ക്ലിയറൻസ് ബോർഡ്, ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ വികസന നിയമം 1999 -ന്റെ പരിധിയിൽ വരുന്ന മുഴുവൻ ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കും.

ക്യാമ്പസ് വ്യവസായ എസ്റേറ്റ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമി പരിസ്ഥിതി ലോല പ്രദേശം (ഇഎസ്.എ), തീരദേശ നിയന്ത്രണ മേഖല(CRZ) പ്ലാൻറ്റേഷൻ, കേരള നെൽവയൽ & തണ്ണീർത്തട കൺസെർ വേഷൻ നിയമം 2008 എന്നീ വിഭാഗത്തിൽ ഉൾപ്പെടുന്നവ ആയിരിക്കരുത്. ഇപ്രകാരം ആരംഭിക്കുന്ന എസ്റ്റേറ്റുകളിൽ റെഡ് കാറ്റഗറി ഒഴികെയുള്ള വ്യവസായങ്ങൾക്ക് സ്ഥലം അനുവദിക്കാവുന്നതാണ്. ജില്ലാതല സൈറ്റ് സെലക്ഷൻ കമ്മിറ്റിയാണ് ഈ പദ്ധതിയിൽ ലഭിക്കുന്ന ഓൺലൈൻ അപേക്ഷകൾ പദ്ധതി മാർഗ്ഗരേഖയിൽ പറയുന്ന രീതിയിലുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നവയാണോയെന്നു പരിശോധിക്കേ ണ്ടതും സ്ഥലം അനുയോജ്യ മാണെന്ന് കണ്ടെത്തി ശുപാർശ ചെയ്യേണ്ടതും . തുടർന്ന് സെക്രട്ടറിതല സംസ്ഥാന സമിതി കൂടിയാലോചിച്ച ശേഷമാണ് ഡെവലപ്പർ പെർമിറ്റ് നൽകുന്നതിന് തീരുമാനം എടുക്കുന്നത്.

ക്യാമ്പസ് വ്യവസായ പാർക്കിലെ പൊതു സൗകര്യങ്ങളായ റോഡ്, വൈദ്യുതി, ഡ്രൈനേജ്, എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് (ETP)/കോമൺ എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് (CETP),ലബോറട്ടറി, പരിശോധന, സർട്ടിഫിക്കേ ഷൻ സൗകര്യം എന്നിവ ഒരുക്കുന്നതിന് ഡെവലപ്പർ ആയിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനത്തിന് ഒരു എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് ഏക്കറിന് 20 ലക്ഷം രൂപ നിരക്കിൽ പരമാവധി **1.5** കോടി രൂപ വരെയോ അല്ലെങ്കിൽ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) സ്ഥാപിക്കുന്നതിന് കെട്ടിട നിർമ്മാണം ഉൾപ്പടെ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് 15 കോടി രൂപ

വരെയോ സർക്കാർ ധനസഹായം നൽകുന്നതാണ് .എസ്റ്റേറ്റുകളിലെ അടിസ്ഥാന സൗകര്യവികസനം പൂർത്തിയാക്കുന്ന മുറയ്ക്ക് റീ ഇമ്പേഴ്സ്മെന്റ് ആയിട്ടാണ് തുക അനുവദിക്കുന്നത്.

ക്യാമ്പസ് പാർക്ക് പദ്ധതിയിൽ https://cip.industry.kerala.gov.in/index.php/public എന്ന വെബ് പോർട്ടൽ മുഖേനയാണ് പദ്ധതിയിലേക്കുള്ള അപേക്ഷ സമർപ്പിക്കേ ണ്ടത്. സമർപ്പിക്കുന്ന പൂർണ്ണമായ അപേക്ഷകൾ സർക്കാർ വകുപ്പുതല സെക്രട്ടറിമാർ അടങ്ങുന്ന ഉന്നതസമിതി പരിശോധിച്ച് അനുയോജ്യമായവയ്ക്ക് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ഡെവലപ്പർ പെർമിറ്റ് നൽകുവാൻ തീരുമാനം എടുക്കുന്നു. കമ്മിറ്റിയുടെ ചെയർമാൻ പ്രിൻസിപ്പൽ സെക്രട്ടറിയും (വ്യവസായം), കൺവിനർ വ്യവസായ വാണിജ്യ ഡയറക്ടറുമാണ്. ഉന്നതവിദ്യാഭ്യാസ വകുപ്പ്; ധനകാര്യ വകുപ്പ്, റവന്യു വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്; ജലവിഭവ വകുപ്പ്, വൈദ്യുതി വകുപ്പ് പരിസ്ഥിതി സംരക്ഷണ വകുപ്പ് എന്നീ വകുപ്പുകളുടെ സെക്രട്ടറിമാരാണ് കമ്മറ്റി അംഗങ്ങൾ.

**5) കരകൗശല തൊഴിലാളികൾക്ക് ധനസഹായം (ആശ)**

കരകൗശല മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്ന കരകൗശല മേഖലയിലെ വിദഗ്ധർക്ക് ഒറ്റത്തവണ സഹായം (ഗ്രാന്റ്) നൽകാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണിത്. സംരംഭം ആരംഭിച്ച ശേഷമാണ് ഗ്രാന്റ് ലഭ്യമാക്കുന്നത്. കേന്ദ്ര സർക്കാ രിലെ കരകൗശല വികസന കമ്മീഷണറുടെ ഓഫീസിലോ, കേരളാ സ്റ്റേറ്റ് ഹാൻഡി
ക്രാഫ്റ്റ്സ് അപ്പെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (സുരഭി), കേരളാ സ്റ്റേറ്റ് ബാംബൂ ഡവലപ്മെന്റ് കോർപ്പറേഷൻ (കെ എസ് ബി സി), കേരളാ ആർട്ടി'സാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കാഡ്കോ), ഹാൻഡിക്രാഫ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരളാ ലിമിറ്റഡ് (എച് ഡി സി കെ), കേരളാ സ്റ്റേറ്റ് പാമിറ പ്രോഡക്റ്റ് ഡവലപ്മെന്റ് ആൻഡ് വർക്കേഴ്സ് വെൽഫെയർ കോർപ്പറേഷൻ ലിമിറ്റഡ് (കെൽപാം) എന്നിവിടങ്ങളിലോ രജിസ്റ്റർ ചെയ്തിട്ടുള്ള കരകൗശല വിദഗ്ധരെയാണ് ഈ പദ്ധതിയിൽ കരകൗശല വിദഗ്ധരായി കണക്കാക്കപ്പെടുന്നത്.

കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനും കരകൗശല മേഖലയിൽ വിപുലമായ പിന്തുണ നൽകാനും, സ്ത്രീ സംരംഭകർ ഉൾപ്പെടുന്ന പ്രത്യേക വിഭാഗങ്ങൾ ബാങ്കുമായി ബന്ധിപ്പിച്ച പദ്ധതികളിൽ ഉചിതമായ

ഒറ്റതവണ സഹായം നൽകാനും ആശ പദ്ധതി ലക്ഷ്യമിടുന്നു. കരകൗശല മേഖലയിൽ ഏർപ്പെട്ടിരിക്കുന്നതും സംസ്ഥാനത്ത് സ്ഥാപിതമായതുമായ എല്ലാ സൂക്ഷ്മ സംരംഭങ്ങളും, ഉദ്യം രജിസ്ട്രേഷനോ അല്ലെങ്കിൽ MSME മന്ത്രാലയം കാലാകാലങ്ങ
ളിൽ വ്യക്തമാക്കുന്ന മറ്റേതെങ്കിലും രജിസ്ട്രേഷനോ ഉള്ള യൂണിറ്റുകൾക്ക് ആശ പദ്ധതിയിൽ അപേക്ഷിക്കാവുന്നതാണ്

പദ്ധതിയുടെ സവിശേഷതകൾ

പൊതുവിഭാഗങ്ങൾക്ക് - സ്ഥിരാസ്തി ആർജ്ജിക്കുന്നതിന് ചെലവായ തുകയുടെ 40% പരമാവധി 3 ലക്ഷം രൂപയും, ധനകാര്യ സ്ഥാപനങ്ങൾ അംഗീകരിച്ച പ്രൊജക്ടുകൾക്ക് ആവശ്യമായ പ്രവർത്തന മൂലധനത്തിന്റെ 40% പരമാവധി 2 ലക്ഷം രൂപയും അങ്ങനെ സ്ഥിരാസ്തിക്കും പ്രവർത്തന മൂലധനത്തിനുമായി ആകെ 5 ലക്ഷം രൂപവരെ പൊതുവി ഭാഗങ്ങൾക്ക് ധനസഹായം നൽകുന്നു.

സ്ത്രീകൾ/പട്ടികജാതി/പട്ടികവർഗ്ഗക്കാർ/ യുവതി യുവാക്കൾ / ഭിന്നശേഷിക്കാർ -സ്ഥിരാസ്തി ആർജ്ജിക്കുന്നതിന് ചെലവായ തുകയുടെ 50% പരമാവധി 4.5 ലക്ഷം രൂപയും, ധനകാര്യ സ്ഥാപനങ്ങൾ അംഗീകരിച്ച പ്രോജക്ടുകൾക്ക് ആവശ്യമായ പ്രവർത്തന മൂലധനത്തിന്റെ 50% പരമാവധി 3 ലക്ഷം രൂപയും അങ്ങനെ സ്ഥിരാസ്തിക്കും പ്രവർത്തന മുലധനത്തിനുമായി ആകെ 7.5 ലക്ഷം രൂപവരെ സ്ത്രീകൾ/പട്ടികജാതി പട്ടികവർഗ്ഗക്കാർ/യുവതി യുവാക്കൾ ഭിന്നശേഷിക്കാർ എന്നീ പ്രത്യേക വിഭാഗങ്ങളിൽപ്പെട്ടവർക്കും ധനസഹായം നൽകുന്നു.

താഴെപ്പറയുന്ന രേഖകൾ ഉൾപ്പെടെ, ഓൺലൈൻ ആയോ, നേരിട്ടോ അപേക്ഷിയ്ക്കാം:-
a. തിരിച്ചറിയൽ രേഖയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്

b. ഒന്നിലധികം പേർ ചേർന്ന് തുടങ്ങുന്ന യൂണിറ്റുകൾക്ക് അവരുടെ യോഗ തീരുമാ
നത്തിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

c. ഉദ്യം രജിസ്ട്രേഷന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

d. പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ജാതി സർട്ടിഫിക്കറ്റ്.

e. പ്രൊജക്ട് റിപ്പോർട്ടിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

2024-25 സാമ്പത്തിക വർഷം കരകൗശല തൊഴിലാളികൾക്ക് സഹായം (ആശ) പദ്ധതിയ്ക്കായി 30 ലക്ഷം രൂപ വകയിരുത്തിയതിൽ 15 ലക്ഷം രൂപ ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

സൂക്ഷ്മ ചെറുകിട-ഇടത്തരം വ്യവസായ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും സാങ്കേതികപരമായി പുരോഗമനം നേടുന്നതിനും വ്യാവസായിക യൂണിറ്റുകളുടെ ഉല്പന്നങ്ങൾ ബ്രാന്റ് ചെയ്ത് വിൽപ്പന നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധ മേളകൾ സംഘടിപ്പിക്കുകയും ദേശീയ അന്തർദേശീയ തലങ്ങളിൽ നടക്കുന്ന വ്യാപാര മേളകളിൽ സൂക്ഷ്മ ചെറുകിട ഇടത്തരം യൂണിറ്റുകൾക്ക് പങ്കെടുക്കുവാനുള്ള അവസരം ഒരുക്കിക്കൊടുക്കുകയും ചെയ്യുന്നു. കൂടാതെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും സാങ്കേതിക പരമായി പുരോഗമനം നേടുന്നതിനുമായി കേന്ദ്രീകൃത ഓൺ ലൈൻ പ്ലാറ്റ്ഫോമായ ബി 2 ബി ബിസിനസ്സ് പോർട്ടൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്നതും പുതുതായി ആരംഭിക്കുന്ന തുമായ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ ഓൺലൈൻ പ്ലാറ്റ്ഫോമു കളിലേക്ക് പ്രവേശനം നേടുന്നതിന് സഹായിക്കുന്നതിനായി ഓപ്പൺ നെറ്റ്വർക്ക് ഫോർ ഡിജിറ്റൽ കോമേഴ്സ് (ONDC) നെറ്റ്വർക്കിലേക്ക് പ്രൊഡക്ടുകൾ ഓൺബോർഡ് ചെയ്യുന്നതിനുള്ള മാർഗ നിർദേശവും പിന്തുണയും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നൽകി വരുന്നു.

6. സംരംഭക സഹായ പദ്ധതി (ESS)

വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കി വരുന്നുണ്ട്. പ്രാരംഭ സഹായം, നിക്ഷേപസഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നല്കുന്നത്. ഈ പദ്ധതി പ്രകാരം ഉല്പാദന മേഖലയിലെ സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 45% വരെ പരമാവധി 40 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. പദ്ധതി പ്രകാരം ഉള്ള ആനുകൂല്യം ലഭിക്കുന്നതിന് https://industry.kerala.gov.in/index.php/schemes-mainmenu/entrepreneur-support-scheme-schemes എന്ന ലിങ്ക് മുഖേന ബന്ധപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രത്തിലേക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

7.ഒരു കുടുംബം ഒരു സംരംഭം പദ്ധതി

ഉല്പാദന, സേവന, വ്യാപാര മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനു എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള വായ്പയ്ക്ക് പലിശ ഇളവ് നൽകുന്നതിനാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതി വിഭാവനം ചെയ്യുന്നത്. പദ്ധതിയിൽ ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4% ൽ അധികരിച്ചുള്ള പലിശയിൽ 6%വരെ ഇളവ് ധന സഹായമായി നൽകുന്നു. 01/04/2022 -നു ശേഷം ആരംഭിച്ച ഉല്പാദന, സേവന, വ്യാപാര മേഖലയിലെ യൂണിറ്റുകൾ ക്കാണ് പദ്ധതി പ്രകാരം പലിശയിളവ് ആനുകൂല്യം ലഭ്യമാകുന്നത്. ലോൺ വിതരണം ചെയ്ത തീയതി മുതൽ 5 വർഷം വരെ പലിശ സബ്സിഡി ആനുകൂല്യം ലഭിക്കുന്നു. 6 മാസം/12 മാസക്കാലയളവിലുള്ള ബാങ്ക് ലോണിന്റെ പലിശയിളവിനാണ് അപേക്ഷകന് ഓരോതവണയും അപേക്ഷിക്കുവാൻ കഴിയുക. അപേക്ഷ സമർപ്പിക്കുന്ന സമയത്തു യൂണിറ്റ് പ്രവർത്തന നിരതമായിരിക്കണം. പദ്ധതി പ്രകാരം ഉള്ള ആനുകൂല്യം ലഭിക്കുന്നതിന് https://ofoe.industry.kerala.gov.in/index.php/public എന്ന ലിങ്ക് മുഖേന ബന്ധപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രലേക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

8) ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്പദ്ധതി.

വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് മാർജിൻ മണിഗ്രാന്റ് നല്കി കൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറു സംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാ ഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉല്പന്ന നിർമ്മാണം, ഭക്ഷ്യ സംസ്കരണം, മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖല എന്നിവയിൽ ആരംഭിക്കുന്ന സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹത ഉണ്ട് . ജനറൽ വിഭാഗത്തിന് മാർജിൻ മണി ഗ്രാന്റ്- ആകെ പ്രോജക്ട് ചെലവിന്റെ 30 ശതമാനവും ഉണഭോക്തൃ വിഹിതം കറഞ്ഞത് 30 ശതമാനവും ബാങ്ക് വായ്പ 40 ശതമാനവും ആയിരിക്കും. എസ്.സി/എസ്.ടി/ വനിതകൾ/ വിമുക്ത ഭടന്മാർ/ 40 വയസ്സ വരെയുള്ള യുവ സംരംഭകർ, ഭിന്നശേഷിക്കാർ തുടങ്ങിയ പ്രത്യേക വിഭാഗക്കാർക്ക് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 40 ശതമാനവും ഉണഭോക്തൃ വിഹിതം കറഞ്ഞത് 20 ശതമാനവും ബാങ്ക് വായ്പ 40 ശതമാനവും ആയിരിക്കും. ഈ പദ്ധതിയിലൂടെ നൽകുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും

മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയും ആണ്. പദ്ധതി പ്രകാരം ഉള്ള ആനുകൂല്യം ലഭിക്കുന്നതിന് https://schemes.industry.kerala.gov.in/public/index.php/nanoഎന്ന ലിങ്ക് മുഖേന ബന്ധപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രത്തിലേക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

9) മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി

സംരംഭകൻ മുന്നോട്ട് വെച്ച ആശയത്തി ന്റെയോ, ഉല്പന്നത്തിന്റെയോ അപരിചിതത്വം കാരണം നിക്ഷേപം ആകർഷിക്കാൻ സ്റ്റാർട്ടപ്പുകൾ പ്രയാസപ്പെടുന്നുണ്ട്. ആശയമോ ഉൽപ്പന്നമോ വികസിപ്പിക്കുന്നതിന് സ്റ്റാർട്ടപ്പുകൾക്ക് ഗണ്യമായ തുക ആവശ്യമാണ്. ആയതിനാൽ, സ്റ്റാർട്ടപ്പ് ആശയങ്ങളുള്ള നിക്ഷേപകർക്ക് മതിയായ സാമ്പത്തിക പ്രോത്സാഹനങ്ങൾ നൽകേണ്ടത് പ്രധാനമാണ്. നിലവിൽ സ്റ്റാർട്ടപ്പുകളിൽ ഭൂരിഭാഗവും ഐ.ടി അധിഷ്ഠിത ഉൽപന്നങ്ങളോ ഐ.ടി യുമായി ബന്ധപ്പെട്ടോ ആയതിനാൽ ഉൽപ്പാദന മേഖലയിൽ നൂതന ആശയങ്ങളുമായി വരുന്ന സംരംഭകരുടെ എണ്ണം ഗണ്യമായി കുറയുന്നു. ഈ സാഹചര്യത്തിൽ, ഉൽപ്പാദന മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക സഹായം നൽകുക, പ്രാരംഭഘട്ടത്തിൽ ആവശ്യമായ സാമ്പത്തിക സഹായം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഈ പദ്ധതി പ്രകാരം യോഗ്യമായ പദ്ധതി ചെലവിന്റെ (Project Cost) 75% പരമാവധി 10 ലക്ഷം രൂപ ഒരു യൂണിറ്റിന് സബ്സിഡിയായി നൽകുന്നു.പദ്ധതി പ്രകാരം ഉള്ള അപേക്ഷ ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ സമർപ്പിക്കാവുന്നതാണ്.

10) കേരള വ്യവസായ നയം 2023 പ്രകാരം വിഭാവനം ചെയ്തിരിക്കുന്ന സബ്സിഡി പദ്ധതികൾ

സാങ്കേതികവിദ്യ അടിസ്ഥാനമായുള്ള നാലാം വ്യവസായ വിപ്ലവത്തിന്റെ ('ഇൻഡസ്ട്രി 4.0) ഭാഗമായി നിക്ഷേപവും നൂതനത്വവും പ്രോത്സാഹിപ്പിക്കുന്നതും സുസ്ഥിരവും പങ്കാളിത്ത സ്വഭാവമുള്ളതുമായ ഒരു വ്യവസായികാന്തരീക്ഷം ശക്തിപ്പെടുത്തു കയെന്ന ലക്ഷ്യത്തോടെ വ്യവസായ നയം 2023 പ്രകാരം തിരഞ്ഞെടുത്ത 22 മുൻഗണനാ മേഖലകളിലെ വ്യവസായങ്ങളുടെ ആവശ്യങ്ങൾക്ക് പരിഗണന നൽകികൊണ്ട് ഒരു ഇൻസെന്റീവ് മാർഗ്ഗരേഖ രൂപപ്പെടുത്തിയിട്ടുണ്ട്. വ്യവസായനയം 2023 ന്റെ ഭാഗമായി വിവിധ ഇൻസെന്റീവ് പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നു. പദ്ധതി പ്രകാരം ഉള്ള ആനുകൂല്യം ലഭിക്കുന്നതിന്

| | | | |
|---|---|---|---|
| | | | https://kriis.kerala.gov.in/index.php/launchഎന്നലിങ്ക് വഴി അപേക്ഷ സമർപ്പിക്കാവുന്നതാണ്. |
| (ബി) | ഈ സബ്സിഡികൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും ഇതിനായി ആർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടതെന്നും വിശദമാക്കുമോ; | (ബി) | മേൽ ( എ) പിരിവിലെ മറുപടി കണ്ടാലും. |
| (സി) | സാമ്പത്തിക സഹായങ്ങൾ സംരംഭകന് ലഭ്യമാക്കുന്നതിനൊപ്പം സാങ്കേതിക സഹായങ്ങളും നിർദ്ദേശങ്ങളും നൽകാൻ കഴിയുന്ന രീതിയിൽ ഇന്റേൺസിനെ മാറ്റിയെടുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | സാമ്പത്തിക സഹായങ്ങൾ സംരംഭകന് ലഭ്യമാക്കുന്നതിനൊപ്പം സാങ്കേതിക സഹായങ്ങളും നിർദേശങ്ങളും നൽകാൻ കഴിയുന്ന രീതിയിൽ ഇന്റേൺസിനെ മാറ്റിയെടുക്കുന്നതിനായി വകുപ്പിന്റെ വിവിധ പദ്ധതികളെക്കുറിച്ചുള്ള പരിശീലനം നൽകിയിട്ടുണ്ട്. ഇത് കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിയമിതരായ എന്റർപ്രൈസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവുകൾ (ഇന്റേൺസ്), സംസ്ഥാന-ജില്ലാ-താലൂക്കുതല റിസോഴ്സ്പേഴ്സണുകൾ എന്നിവർക്ക് കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയും വ്യവസായ വകുപ്പും സംയുക്തമായി സംരംഭകത്വ ചെറുകിട ബിസിനസ് മാനേജ്മെന്റിൽ ബിരുദാനന്തര ബിരുദ സർട്ടിഫിക്കറ്റ് പ്രോഗ്രാം കോഴ്സ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ